കേരള വികസന പദ്ധതിപ്രകാരം തിരുവനന്തപുരം കോർപ്പറേഷന് അനുവദിച്ച തുക

128 [131] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 സാമ്പത്തിക വർഷക്കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷന് കേരള വികസന പദ്ധതി പ്രകാരം എന്തുതുക അനുവദിച്ചിരുന്നു;

(ബി) അനുവദിക്കപ്പെട്ട പദ്ധതി തുകയിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെടാതെയുണ്ട്;

(സി) തിരുവനന്തപുരം നഗരസഭയ്ക്ക് കേരള വികസന പദ്ധതി വിഹിതം 2003-2004 സാമ്പത്തിക വർഷത്തിൽ എത്ര ഗഡുക്കളായാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതിവിഹിത ഗഡുക്കൾ നഗരസഭ കൈപ്പറ്റിയ തീയതികൾ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷന് കേരള വികസന പദ്ധതി പ്രകാരം 2002-2003 സാമ്പത്തിക വർഷത്തിൽ 24,11,90,250 രൂപയും 2003-2004 സാമ്പത്തിക വർഷത്തിൽ 34,15,08,667 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട പദ്ധതി തുകയിൽ 2002-2003-ൽ 12,18,54,249 രൂപയും 2003-2004-ൽ 16,44,49,351 രൂപയും ചെലവഴിക്കാതെയുണ്ടായിരുന്നു.

(സി) കേരള വികസനപദ്ധതി വിഹിതമായി 2003-2004 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ച തുക 11 ഗഡുക്കളായാണ് നൽകിയത്.

(ഡി) പദ്ധതിവിഹിത ഗഡുക്കൾ തിരുവനന്തപുരം നഗരസഭ കൈപ്പറ്റിയ തീയതികൾ ചുവടെ ചേർക്കുന്നു:

ഏപ്രിൽ, മേയ്, ജൂൺ, ജൂലായ്	..	2-8-2003
ആഗസ്റ്റ്	..	21-8-2003
സെപ്തംബർ	..	10-9-2003
ഒക്ടോബർ	..	13-10-2003
നവംബർ	..	18-11-2003
ഡിസംബർ	..	12-12-2003
ജനുവരി	..	15-1-2004
ഫെബ്രുവരി, മാർച്ച്	..	12-3-2004

LIBRARY ARCHIVES Kerala Legislative Assembly